**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **05-10-2021 - ൽ മറുപടിയ്ക്ക്**

**മടങ്ങിവരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മടങ്ങിവരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മടങ്ങിവരുന്ന പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം കോവിഡ് സാഹചര്യം നേരിടുന്നതിനായി മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിലും പ്രവാസികൾക്ക് പ്രധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി മുഖേന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം, വനിതകൾ, യുവാക്കൾ, എന്നിവർ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക യൂണിറ്റുകൾക്ക് നിലവിൽ നൽകി വരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ 'കോവിഡ് സമാശ്വാസ പദ്ധതി' എന്ന പേരിൽ ഈ വർഷം ഒരു പാക്കേജ് കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായപകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ്-ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, 3 മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, 3 മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസ്വകാര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും കൂടി വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ പ്രവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. പ്രവാസികൾക്കായി |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'പ്രവാസി ഭദ്രതാ മെഗാ പദ്ധതി'. പ്രസ്തുത പദ്ധതി മുഖേന പ്രവാസികളായ ഗുണഭോക്താക്കൾക്ക് 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കൂടാതെ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ അസിസ്റ്റൻസ് വർക്കിങ് കാപ്പിറ്റൽ ലോൺ ആയി 50 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ അനുവദിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ, ഇത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ? | (ബി) | ഉണ്ട്. മടങ്ങിവരുന്ന പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം കോവിഡ് സാഹചര്യം നേരിടുന്നതിനായി മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിലും പ്രവാസികൾക്ക് പ്രധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി മുഖേന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗം, വനിതകൾ, യുവാക്കൾ, എന്നിവർ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക യൂണിറ്റുകൾക്ക് നിലവിൽ നൽകി വരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ 'കോവിഡ് സമാശ്വാസ പദ്ധതി' എന്ന പേരിൽ ഈ വർഷം ഒരു പാക്കേജ് കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായപകൾ, തിരിച്ചു വരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ്-ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, 3 മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, 3 മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസ്വകാര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും കൂടി വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ പ്രവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'പ്രവാസി ഭദ്രതാ മെഗാ പദ്ധതി'. പ്രസ്തുത പദ്ധതി മുഖേന പ്രവാസികളായ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കൂടാതെ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ അസിസ്റ്റൻസ് വർക്കിങ് കാപ്പിറ്റൽ ലോൺ ആയി 50 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ